(ഡി) മെറ്റീരിയൽസ് അന്റ് സപ്ലൈസ് സബ് ഹെഡിൽ 2009-10 സാമ്പത്തിക വർഷം പദ്ധതിയേതര ശീർഷകത്തിൽ ചെലവാക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

2210-01-110-99-24 എം & എസ് - 3,62,30,265.00

2210-01-110-85-24 എം & എസ് - 82,09,398.00

2210-01-110-84-24 എം & എസ് - 56,44,475.00

2210-01-110-83-24 എം & എസ് - 81,52,202.00

2210-03-113-99-24 എം & എസ് - 11,56,161.00

2210-03-110-99-24 എം & എസ് - 1,44,47,777.00

ടെണ്ടർ നടപടികൾ സുതാര്യവും കുറ്റമറ്റതുമാക്കാനും നടപടി

2 (1719) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിലേക്കും മെഡിക്കൽ കോളേജുകളിലേക്കുമുള്ള മരുന്നും ഉപകരണങ്ങളും വാങ്ങാൻ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഇപ്പോൾ ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ ; എങ്കിൽ ടെണ്ടർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) എത്ര കോടി രൂപയുടെ മരുന്നാണ് വാങ്ങാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) നേരത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ ചില കമ്പനികളെ ഇത്തവണ ടെണ്ടറിൽ ഉൾപ്പെടുത്തുന്നുണ്ടോ ;

(ഡി) ടെണ്ടറിൽ പങ്കെടുക്കണമെങ്കിൽ 20 കോടി രൂപയിൽ കുറയാത്ത വിറ്റുവരവ് വേണമെന്ന പുതിയ നിബന്ധനയുണ്ടോ ;

(ഇ) ഇതുകാരണം നിലവിൽ മരുന്നു നൽകിയിരുന്ന ചില കമ്പനികൾ ഇത്തവണ ടെണ്ടറിൽ നിന്ന് പുറത്താകുന്ന സാഹചര്യമുണ്ടോ ;

(എഫ്) ടെണ്ടർ നടപടികൾ സുതാര്യവും കുറ്റമറ്റതുമാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷത്തിലെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ആരോഗ്യ വകുപ്പിന്റെ പ്ലാൻ സ്കീമുകൾ, ഫ്ളാഗ് ഷിപ്പ് പ്രോഗ്രാം, സുനാമി പുനരധിവാസ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉപകരണങ്ങൾക്ക് വേണ്ടിയുള്ള ടെണ്ടറുകൾ 20-11-2012 വർഷത്തിൽ സർക്കാർ ആശുപത്രികൾക്ക് വേണ്ടിവരുന്ന അവശ്യ മരുന്നുകൾക്കും ചികിത്സാ സാമഗ്രികൾക്കും വേണ്ടിയുള്ള ടെണ്ടറുകളും കെ.എം.എസ്.സി.എൽ. ക്ഷണിച്ചിട്ടുണ്ട്. ഈ ടെണ്ടറുകൾ

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരമുള്ള 87 ഇനം ഉപകരണങ്ങൾ വിവിധ ആശുപത്രികളിൽ സ്ഥാപിച്ചു കഴിഞ്ഞു. 55 ഇനം ഉപകരണങ്ങൾക്ക് പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. 70 ഇനം ഉപകരണങ്ങളുടെ ടെണ്ടർ നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ശസ്ത്രക്രിയാ നൂലുകൾ ഒഴികെയുള്ള അവശ്യ മരുന്നുകളുടേയും ചികിത്സാ സാമഗ്രികളുടേയും ടെക്നിക്കൽ ബിഡ് തുറന്ന് പരിശോധിച്ചുവരുന്നു. ടെക്നിക്കൽ ബിഡിൽ യോഗ്യത നേടുന്ന ടെണ്ടറുകളുടെ ഫിനാൻഷ്യൽ ബിഡ് പരിശോധിച്ച് ടെണ്ടർ തീരുമാനിക്കുന്നതാണ്.

(ബി) ഏകദേശം 150 കോടി രൂപ വിലവരുന്ന 622 ഇനം മരുന്നുകൾക്കാണ് 2011-12 വർഷത്തേക്ക് ആരോഗ്യവകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകിയിട്ടുള്ള വാർഷിക ഇൻഡന്റുകൾ സമർപ്പിച്ചിട്ടുള്ളത്. ഇതനുസരിച്ച് മൊത്തം മരുന്നുകളെ 8 വിഭാഗമായി തിരിച്ച് അടുത്ത വർഷത്തേക്കുള്ള റേറ്റ് കോൺട്രാക്ട് നിശ്ചയിക്കുന്നതിന് 31-12-2010-ൽ ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) അടുത്ത സാമ്പത്തിക വർഷത്തിൽ ആശുപത്രികൾക്കാവശ്യമായ അവശ്യമരുന്നുകളും ചികിത്സാ സാമഗ്രികളും 8 കാറ്റഗറികളായി തിരിച്ചാണ് ടെണ്ടറുകൾ ക്ഷണിച്ചിട്ടുള്ളത്. ഓരോ കാറ്റഗറിയിലും ഉൾപ്പെടുത്തിയിട്ടുള്ള മരുന്നുകളുടെ ടെണ്ടറുകളിൽ പങ്കെടുക്കുന്ന കമ്പനികൾക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം വാർഷിക ടേൺഓവർ തുകയും വേണ്ടത്ര ടെണ്ടറുകൾ ലഭിക്കാതിരുന്ന 200-ഓളം ഇനം മരുന്നുകൾക്ക് റീ ടെണ്ടറിൽ പുതുക്കി നിശ്ചയിച്ചിട്ടുള്ള മിനിമം ടേണോവർ തുകയും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) കോർപ്പറേഷൻ സംഭരിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചാണ് ഉയർന്ന തുക മിനിമം വാർഷിക വിറ്റുവരവായി നിശ്ചയിച്ചിട്ടുള്ളത്. ഇതനുസരിച്ച് മുൻപ് മരുന്ന് നൽകിയിരുന്ന ചില കമ്പനികൾ മിനിമം വാർഷിക വിറ്റുവരവില്ലാത്തതുകാരണം ടെണ്ടറിൽ പങ്കെടുക്കുന്നതിന് യോഗ്യത ഇല്ലാത്തവയാകാൻ സാധ്യതയുണ്ട്.

(എഫ്) ബിഡ് സിസ്റ്റത്തിലുള്ള കോർപ്പറേഷന്റെ ടെണ്ടർ വ്യവസ്ഥകൾ വ്യക്തവും, നടപടിക്രമങ്ങൾ സുതാര്യവുമാണ്. വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരവും മൂല്യവും മെച്ചപ്പെടുത്തുന്നതിനുവേണ്ട കർശനമായ വ്യവസ്ഥകൾ ടെണ്ടറിൽ ഉൾപ്പെടുത്താറുണ്ട്. ടെണ്ടറുകൾ അഖിലേന്ത്യാ സർക്കുലേഷനുള്ള ഇംഗ്ലീഷ് ദിനപത്രങ്ങളിലും, ക്ലാസ് ഡി വിഭാഗത്തിൽ വരുന്ന മലയാള ദിനപത്രങ്ങളിലും പരസ്യപ്പെടുത്തിയിരുന്നു. കൂടാതെ കോർപ്പറേഷന്റെ വെബ്സൈറ്റിലും ലഭ്യമാണ്. ടെണ്ടറിൽ പങ്കെടുക്കുന്നവരുടെ സാന്നിധ്യത്തിലാണ് ടെണ്ടറുകൾ പരിശോധിക്കുന്നത്. മരുന്നുകൾക്കുള്ള ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ സമർപ്പിച്ച പ്രധാന രേഖകളുടെ സ്കാൻചെയ്ത കോപ്പികൾ പൊതുഅറിവിനായി കോർപ്പറേഷന്റെ വെബ്സൈറ്റിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. സുതാര്യതയുടെ ഭാഗമായി ടെണ്ടർ നടപടിയുടെ ഓരോ ഘട്ടത്തിലും ഉള്ള വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും നിർദ്ദേശങ്ങളും പരാതികളും പരിശോധിച്ചശേഷമാണ് ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly